11216

"ഭരണഭാഷ മാതൃഭാഷ"

നം. WCD/E7-19315/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 13.08.2018
Email : swdicds@gmail.com
Phone: 0471-2346508 Fax: 0471-2346534

E6

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

Received on 20/8/18

ശ്രീ. എസ്. രാജീവ് കുമാർ,
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വികാസ് ഭവൻ, തിരുവനന്തപുരം.

സർ,

വിഷയം :വനിതാ ശിശുവികസന വകുപ്പ് - വിവരാവകാശനിയമം 2005- അപേക്ഷകനെ മറുപടി ലഭ്യമാക്കുന്നത്- സംബന്ധിച്ച്-

സൂചന ശ്രീ. കെ. സൂര്യപ്രകാശിന്റെ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ.

സൂചന ശ്രദ്ധിച്ചാലും, ശ്രീ. കെ. സൂര്യ പ്രകാശ് സമർപ്പിച്ച വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി സാമൂഹ്യനീതി വകുപ്പിൽ നിന്ന് നൽകാൻ കഴിയുന്നവയാണ്. ആയതിനാൽ ടി അപേക്ഷ അപേക്ഷകന് നേരിട്ടു മറുപടി നൽകുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

[signature]

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

പകർപ്പ്

ശ്രീ. കെ. സൂര്യപ്രകാശ്,
കോട്ടയ്ക്കൽ ആര്യ വൈദ്യശാല,
ടൗൺ ബ്രാഞ്ച്, BSNL ഓഫീസിനു സമീപം,
ടി.ബി റോഡ്, പാലക്കാട്.
(താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷ സാമൂഹ്യനീതി വകുപ്പ് പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു)

GB

**വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ**

. 019315

10 Rs. COURT FEE ১০ ভারত INDIA दस रुपये TEN RUPEES

From,

K. Sooryaprakash,
Kottakkal Arya Vaidya Sala,
Town Branch, Near BSNL Office,
T. B. Road, Palakkad.

To,

The Public Information Officer
Directrate of Women & child Development
Poojapura,
Thiruvananthapuram.

സർ,

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന വിവരങ്ങൾ പരമാവധി വേഗത്തിൽ മറുപടി ലഭിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

1) അങ്ങയുടെ അധികാര പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ വിവിധ ഓഫീസുകളിലും ജില്ലയിലെ മുഖ്യ ഓഫീസിലും കൂടി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുക.

a) L.D.Typist, U.D.Typist, Senior Grade Typist, Selection Grade Typist, Fare Copy Supernt, തുടങ്ങിയ തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേരും, ജോലി ചെയ്തു വരുന്ന തസ്തികയും, ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തിയ്യതിയും, ജീവനക്കാർ വിരമിക്കുന്ന തിയ്യതിയും നൽകുക.

b) 31.08.2016 തിയ്യതി മുതൽ 31.03.2020 വരെ പ്രസ്തുത ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ വന്നേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ അവ ഉണ്ടാകുന്ന തിയ്യതിക്കൊപ്പം വർഷാടിസ്ഥാനത്തിൽ തരംതിരിച്ചു നൽകുക.

c) ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് ആകെ എത്ര അനുവദനീയ തസ്തികകൾ (Sanctioned Strength) നിലവിലുണ്ട് ?

d) ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട ആകെ എത്ര അനുവദനീയ തസ്തികകൾ (Sanctioned Strength) നിലവിലുണ്ട് ?

e) LD.Typist, UD Typist തസ്തികയിൽ നിന്ന് കാറ്റഗറി ചെയ്ഞ്ചിന് അപേക്ഷിച്ചവരുടെ പേരും ആവശ്യപ്പെട്ട തിയ്യതിയും പട്ടിക തിരിച്ച് നൽകുക ?

2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെ നിർദ്ദേശ പ്രകാരം വിരമിക്കൽ ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്നു നിഷ്കർഷിച്ചിരിക്കെ അങ്ങയുടെ ഓഫീസിൽ നിന്നും അപ്രകാരം ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാറുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ ഒഴിവുകളാണ് അപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ? റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

3) ഒഴിവുകൾ വരുമ്പോൾ റിപ്പോർട്ട് ചെയ്യുന്ന ഓഫീസിന്റെ മേൽ വിലാസം അറിയിക്കുക.

4) വിവരാവകാശ മറുപടി തൃപ്തികരമല്ലെങ്കിൽ അപ്പീൽ സമർപ്പിക്കേണ്ട അധികാരിയുടെ പേരും മേൽവിലാസവും നൽകുക. മുകളിൽ ചോദിച്ചിട്ടുള്ള വിവരങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കണമെന്ന് താൽപ്പര്യപ്പെടുന്നു. ഫീസ് 10ക കോർട്ട് ഫീ സ്റ്റാമ്പായി ഒടുക്കിയിരിക്കുന്നു. വിവരങ്ങൾ നൽകുന്നതിന് അധിക തുക വേണമെങ്കിൽ ആ വിവരം എത്രയും വേഗം അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

I state that the information sought does not fall within the restrictions contained in Sec.8 & 9 of the Right to Information Act and to the best of my knowledge it pertains to your office.

എന്ന്

വിശ്വസ്തതയോടെ

K. Sooryaprakash